

# ക്ലാസ് മുറികൾ സർഗാത്മകമാവണം

കവർസ്റ്റോറി ●

എസ്. കമറുദ്ദീൻ

**വിദ്യാഭ്യാസരംഗം** ലോകത്തൊട്ടാകെ പരിഷ്കരണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. കൊളോണിയൽ ശക്തികളും അധീശവർഗവും എന്നും ആദ്യം കൈവെച്ചിരുന്നത് വിദ്യാഭ്യാസത്തിലാണ്. ഇന്ത്യൻ വിദ്യാഭ്യാസത്തെ 'മെക്കാളെ'യുടെ പേരിൽ നാമിന്നും പരിഹസിക്കാറുണ്ടല്ലോ. ബ്രിട്ടീഷുകാർ ഈജിപ്തിൽ അസ്ഹർ യൂനിവേഴ്സിറ്റി പാഠ്യപദ്ധതിയിൽ താൽപര്യം കാണിച്ചിരുന്നത് മുതൽ പടിഞ്ഞാറേക്കരയിൽ മറ്റുള്ളവരുമായി സഹകരിച്ച് ജീവിക്കാൻ ഫലസ്തീനികളെ പരിശീലിപ്പിക്കുന്ന അമേരിക്കൻ പദ്ധതിവരെ ഉദാഹരണങ്ങളാണ്. ആഗോളീകരണ കാലത്തെ വിദ്യാഭ്യാസ പരിഷ്കരണങ്ങളിൽ പ്രധാനം, സൗജന്യവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസമാണ്. സാധാരണ

ക്കാരോടുള്ള കാരുണ്യമോ ഉത്തരവാദിത്വബോധമോ അല്ല, മാർക്കറ്റിന്റെ അനിവാര്യതയാണിത്. ഒരു ഉപഭോക്താവ് എന്ന നിലയിൽ വാങ്ങൽ ശേഷി (Purchasing Capacity) വർധിപ്പിക്കുന്നതിനുള്ള അടിസ്ഥാനമൊരുക്കുകയാണ്. അതുകഴിഞ്ഞുള്ള ഉന്നത വിദ്യാഭ്യാസം ഗുണഭോക്താവ് തന്നെ കാശുമുടക്കി നിർവഹിക്കണമെന്നതാണ് പുതിയ കാഴ്ചപ്പാട്. ഇതേ ചുവട് പിടിച്ച് തന്നെയാണ് ഇന്ത്യയിലെ പരിഷ്കരണങ്ങളും മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസ അവകാശ നിയമവും വിദേശ സർവകലാശാലകൾക്ക് അനുവാദം നൽകുന്ന നിയമവും ഒരേസമയം കേന്ദ്ര ഗവൺമെന്റിന് കൊണ്ടുവരേണ്ടിവരുന്നത് അതിനാലാണ്.

ഇത്തരം പരിഷ്കരണങ്ങളെ അവയുടെ പിന്നിലെ അജണ്ട, ഫണ്ടിംഗ് ഏജൻസികളുടെ താൽപര്യങ്ങൾ, നിബന്ധനകൾ, നടപ്പിലാക്കുന്ന രീതി എന്നിവയുടെ അടിസ്ഥാനത്തിൽ നാം നിലപാടുകൾ രൂപവത്കരിക്കാറുണ്ട്. അവക്ക് പിന്നിലെ രാഷ്ട്രീയം ശക്തമായി നാം തുറന്നു കാട്ടാറുമുണ്ട്. അതേസമയം പുതിയ ബോധനരീതികളിലും സമീപനങ്ങളിലും നമുക്ക് സ്വീകരിക്കാവുന്ന നിലപാടുകളെന്ത്?

കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന പരിഷ്കരണങ്ങൾക്ക്, ബോധനരീതികളടക്കം വ്യക്തമായ ദാർശനിക കാഴ്ചപ്പാടുകളുണ്ട്. വൈഗോട്സ്കിയുടെ ജ്ഞാന നിർമിതി വാദവും പൗലോഫ്രയറുടെ പ്രശ്നോന്നീത വിദ്യാഭ്യാസവും കേരളത്തിൽ പരീക്ഷിക്കപ്പെടുന്ന ബോധനരീതികളുടെ അടിസ്ഥാനങ്ങളാണ്. അവയോടൊപ്പം, അധ്യാപക കേന്ദ്രീകൃതമായ വിദ്യാഭ്യാസത്തെ, വിദ്യാർഥി കേന്ദ്രീകൃതമാക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നു. പ്രവൃത്യുന്മുഖവും പ്രക്രിയ കേന്ദ്രീകൃതവുമായ ഈ പദ്ധതിയിൽ, ദാർശനികമായ കടുംപിടുത്തങ്ങൾ കുടഞ്ഞുകളയാനോ അധ്യാപക വിഭാഗത്തെ വിശ്വസിപ്പിക്കാനോ കഴിയാത്തത് കൊണ്ടാവണം, ക്ലാസ് റൂമുകളിൽ ജ്ഞാനനിർമിതിയോ പ്രശ്നപരിഹാരമോ നടക്കാതെ പോകുന്നു. ഡി.പി.ഇ.പിയും എസ്.എസ്.എ പദ്ധതികളുമൊക്കെ അവലോകനം ചെയ്യുന്ന ആനുകാലിക ലേഖനങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹകരിക്കാത്ത അധ്യാപകരെ ഉന്നം വെക്കുന്നുണ്ട്. താൽപര്യപൂർവം ഏറ്റെടുത്ത അധ്യാപകർക്ക് കുറേയൊക്കെ ചെയ്യാനായി എന്ന് ആശ്വാസം കൊള്ളുന്നതും കാണാം (കഴിഞ്ഞുപോയ പദ്ധതികൾ വിലയിരുത്താനോ പഠനം നടത്താനോ കാര്യക്ഷമമായ ശ്രമങ്ങൾ ഗവൺമെന്റ് ഭാഗത്തു നിന്ന് നടന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ശാസ്ത്രീയമായ വിശകലനങ്ങളെ ഭയക്കുന്നതുപോലെ!). "ഡി.പി.ഇ.പിയുടെ പ്രധാന ലക്ഷ്യം ആയ ഗുണനിലവാരത്തിന്റെ വളർച്ച ഉണ്ടായത് അധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരും അർപ്പണബോധത്തോടെ പ്രവർത്തിച്ച സ്കൂളുകളിലാണ്. പല സ്കൂളുകളിലും ഡി.പി.ഇ.പി കെട്ടിട നിർമാണത്തിൽ ഒതുങ്ങി" ('കേരളം വിദ്യാഭ്യാസത്തിന്റെ പടവുകൾ', ആമുഖം ഡോ. കെ.എൻ ഗണേഷ്). "ഇതിനിടയിലാണ് ഡി.പി.ഇ.പിയും സർവശിക്ഷാ അഭിയാനും നമ്മുടെ ക്ലാസ് മുറികളിലേക്ക് വന്നത്. ഒരു പ്രഫഷണൽ ചലഞ്ചുകളും ഏറ്റെടുക്കാൻ സന്നദ്ധമല്ലാത്ത, യു.ജി.സി ശമ്പള സ്കെയിൽ സസന്തോഷം സ്വീകരിച്ച്, എന്നാലതോടൊപ്പമുള്ള സേവന ബാധ്യതകൾ നിരാകരിച്ച നമ്മുടെ അധ്യാപകകുലം ക്ലാസ് മുറികളിലേക്ക് കാറ്റും വെളിച്ചവും കടക്കാവുന്ന ഈ പരീക്ഷണത്തെ പ്രത്യയശാസ്ത്രപരമായ കാരണങ്ങളാലല്ല എതിർത്തത്. ബോധനരീതി കുട്ടികൾക്ക് ഇഷ്ടമാകുന്ന വിധമാക്കാൻ പ്രതിഭയും ഊർജവുമുള്ളഅധ്യാപകർ നമ്മുടെ ക്ലാസ് മുറികളിൽ കുറവാണ്. ഈ പരീക്ഷണങ്ങൾ എന്തെങ്കിലും ഫലങ്ങളുണ്ടാക്കിയിട്ടുള്ളത് അത്തരം ചില അധ്യാപകരെങ്കിലുമുള്ള വിദ്യാലയങ്ങളിലാണെന്നത് നിരീക്ഷിച്ചിരിക്കുമല്ലോ" (അധ്യാപകർക്കൊരു ഇമ്പോസിഷൻ– സിവിക് ചന്ദ്രൻ). വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങളുണ്ടാകണമെങ്കിൽ, ആദ്യം അധ്യാപകരത് ഉൾക്കൊള്ളണമെന്നതിന് രണ്ട് പക്ഷമില്ല.

വിദ്യാഭ്യാസരംഗത്തെ പരിഷ്കരണങ്ങൾ സ്കൂൾതലം വിട്ട് ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കൂടി കടന്നുതുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ സസൂക്ഷ്മം വിലയിരുത്തി, ആരോഗ്യകരമായ മാറ്റങ്ങളും പരീക്ഷണങ്ങളും നിർവഹിച്ച ഇസ്ലാമിക പ്രസ്ഥാനത്തിന്, മാറിയ പരിതസ്ഥിതിയും മനോഭാവ വികാസവും കാണാതിരിക്കാനാവില്ല. അതുകൊണ്ടുതന്നെ, ഇസ്ലാമിക കലാലയങ്ങളിൽ ആവശ്യമായ മാറ്റങ്ങളെക്കുറിച്ച് തുറന്ന ചർച്ച പ്രസക്തമാകുന്നു.

ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ ഇസ്ലാമിക കലാലയങ്ങളിലെ വിദ്യാർഥികളും അധ്യാപകരും കേവല വിദ്യാഭ്യാസത്തിന് വേണ്ടി വന്നവരായിരുന്നില്ല. പ്രസ്ഥാന പ്രചോദിതരായ അവർ, തങ്ങളൊരു ദൗത്യനിർവഹണത്തിനായി പടയൊരുക്കം നടത്തുകയാണെന്ന് ബോധ്യമുള്ളവരായിരുന്നു. പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവർ കണ്ടറിഞ്ഞിരുന്നു. അവരുടെ പഠനം

ക്ലാസ് റൂമുകളിൽ ഒതുങ്ങിനിന്നില്ല. അധ്യാപകന്റെ ആഖ്യാനങ്ങളും വിശദീകരണങ്ങളും മാത്രമായിരുന്നില്ല, അവരുടെ പഠനരീതി. സാഹിത്യ സമാജങ്ങളും വിദ്യാർഥി പാർലമെന്റും മാനുസ്ക്രിപ്റ്റ് മാഗസിനും ചുമർ മാഗസിനും ലൈബ്രറിയും സമ്പർക്ക പരിപാടികളും ഒഴിവുവേളകളിൽ അധ്യാപകരുമായുള്ള സംവാദവും അതിന്റെ തുടർച്ചയായ ക്ലാസ് റൂം സംവാദവും പ്രഗത്ഭ പണ്ഡിതന്മാരുമായി വ്യക്തിബന്ധങ്ങളുമൊക്കെ അവരുടെ പഠനത്തിന്റെ ഭാഗമായി. ഓരോ സന്ദർഭവും ഓരോ നിമിഷവും ബോധനത്തിന്റെ ഭാഗമായി. ഇസ്ലാമിക പ്രസ്ഥാനത്തിന്റെ വർത്തമാനവും ഭാവിസ്വപ്നങ്ങളും അതിൽ തങ്ങൾ നിർവഹിക്കേണ്ടുന്ന പങ്കും ആത്മവിശ്വാസം പകരുന്ന ആദർശബന്ധുക്കളായ അധ്യാപക – വിദ്യാർഥി കൂട്ടായ്മയുമൊക്കെ ഫലപ്രദമായ ഒരു ബോധന–പഠന പ്രക്രിയക്ക് കാരണമായി. അധ്യാപനം ഒരു തൊഴിലും വിദ്യാഭ്യാസം ജോലി നേടാനുള്ള മാർഗവുമായി ചുരുങ്ങുമ്പോഴാണ്, വീണ്ടും മാറ്റങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടിവരുന്നത്.

ഇസ്ലാമിക പ്രസ്ഥാനം വിദ്യാഭ്യാസ രംഗത്തെ വളരെ ഗൗരവത്തോടെയാണ് സമീപിക്കുന്നത്. ലോക ഇസ്ലാമിക പ്രസ്ഥാനങ്ങൾ പ്രായോഗിക മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ഇസ്ലാമികാദർശത്തെ ജനസമക്ഷം സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഇസ്ലാമിക പ്രസ്ഥാനം ജനകീയ വികസനത്തിന്റെ ബദലുകൾ രൂപപ്പെടുത്തുകയും അടിസ്ഥാന ജനതയുടെ വികാസത്തിനുള്ള വൈവിധ്യമാർന്ന പദ്ധതികളാരംഭിക്കുകയും വാർത്താ വിനിമയ–വിവരകൈമാറ്റ രംഗത്ത് പുതിയ മേഖലകൾ തുറക്കുകയും പുതിയ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് തയാറാടെക്കുകയും ചെയ്യുന്ന നിർണായക സന്ദർഭത്തിലാണ്. ഇസ്ലാമിക ദർശനത്തിലൂന്നിയ വിവിധങ്ങളായ കഴിവുകളുള്ള, ആത്മാർഥതയുള്ള, നേതൃപാടവമുള്ള നിരവധി പേരെ പ്രസ്ഥാനത്തിന് ആവശ്യമുണ്ട്. പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കപ്പെടാവുന്ന രൂപത്തിലേക്ക് വിദ്യാഭ്യാസരംഗം പുനഃക്രമീകരിക്കപ്പെടുകയും കാഴ്ചപ്പാട് രൂപപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വലിയൊരു ദൗത്യത്തിന്റെ രാസത്വരകങ്ങളായി വർത്തിക്കുകയാണ് തങ്ങളെന്ന കാര്യം നമ്മുടെ വിദ്യാഭ്യാസ പ്രവർത്തകരും അധ്യാപകരും വിദ്യാർഥികളും തിരിച്ചറിയണം.

മാറ്റങ്ങളും പുനഃക്രമീകരണങ്ങളും പലതലങ്ങളിലുമുണ്ടാകണം. അതിൽ സുപ്രധാനമായ ഒന്നാണ് നമ്മുടെ ബോധനരീതി. ബോധന പ്രക്രിയ ഏകമാനമാവാൻ പാടില്ല. തന്റെ മുന്നിലുള്ളത് ഒഴിഞ്ഞ പാത്രങ്ങളാണെന്നും അതിലേക്ക് വിവരങ്ങൾ നിറക്കുകയാണ് തന്റെ കർത്തവ്യമെന്നും അധ്യാപകൻ കരുതരുത്. പ്രഭാഷണ/ ആഖ്യാന രീതി ഒന്നു മാത്രമാണ് ബോധനമാർഗമെന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ആഖ്യാനരീതി ഉപയോഗിക്കാനേ പാടില്ലെന്നല്ല, അവശ്യ സന്ദർഭങ്ങളിൽ വളരെ യുക്തമായ രീതിയാണത്. പക്ഷേ, ആശയ കൈമാറ്റവും ആശയങ്ങൾ മനസ്സാലെ സ്വീകരിക്കാൻ പഠിതാവിനെ തയാറാക്കലും നടക്കണമെങ്കിൽ ഏകാധിപത്യ ശൈലികൾ കൈയൊഴിയണം. ക്ലാസ് റൂമിലും ജനാധിപത്യമുണ്ടാകണമെന്നർഥം. അധ്യാപകൻ വളരെയേറെ മുന്നൊരുക്കത്തോടെയാണ് ക്ലാസ് റൂമുകളിലെത്തേണ്ടത്. ഇല്ലെങ്കിൽ 'വളരെ പാടവത്തോടെ അലങ്കരിച്ച് വെച്ചിരിക്കുന്ന ഒരു സ്വീകരണ മുറിയിലേക്ക് തെരുവിൽനിന്നും ഒരു കാള ഓടി കയറുന്നത് പോലെയാണ് അധ്യാപകൻ വന്നിരിക്കുന്നത്' എന്ന് നിത്യ ചൈതന്യയതി പറഞ്ഞത് പോലെയാവും കാര്യങ്ങൾ.

പഠിതാവിൽ ചോദ്യങ്ങൾ ഉയർത്താനും ചോദ്യം ചോദിക്കാനും ഭിന്നമായ വീക്ഷണങ്ങൾ അവതരിപ്പിക്കാനും ക്ലാസ് റൂമിൽ അവസരമുണ്ടാകണം. പൊതുവെ മതകലാലയങ്ങൾ ഈയൊരു ജനാധിപത്യം അനുവദിക്കാത്തത്, മുസ്ലിം സാമൂഹികജീവിതത്തിൽതന്നെ ഇപ്പോൾ നാം അനുഭവിക്കുന്നുണ്ട്. പരമ്പരാഗതമായ ധാരണകൾക്കപ്പുറം ഭിന്നമായ ഒരു വീക്ഷണം, ഇസ്ലാമിക അടിസ്ഥാനങ്ങളിൽ വിയോജിക്കാതെ അവതരിപ്പിച്ചാൽ പോലും നെറ്റി ചുളിക്കുന്ന അവസ്ഥ. പ്രവാചകന്റെ വിജ്ഞാന സദസ്സുകളിൽ ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിച്ചും തിരിച്ചു ചോദിച്ചും ഒരു സംവാദാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു.

ഈയൊരു സംവാദാത്മകത ഇസ്ലാമിക ദർശനത്തിന്റെ കരുത്തായി അവതരിപ്പിക്കുകയാണ് ജഫ്രി ലാംഗ് തന്റെ 'മാലാഖമാർ പോലും ചോദിക്കുന്നു' എന്ന പുസ്തകത്തിൽ. അല്ലാഹു പോലും മലക്കുകൾക്ക് ചോദ്യമുന്നയിക്കാൻ, അവരുടെ വീക്ഷണം അവതരിപ്പിക്കാൻ അവസരം നൽകിയെങ്കിൽ നാമെന്തുകൊണ്ട് അത്തരമൊരു അവസ്ഥയെ ഭയക്കണം? നമ്മുടെ ക്ലാസ് റൂമുകളിൽ കണ്ണുമിഴിച്ച് നമ്മെ നോക്കിയിരിക്കുന്ന വിദ്യാർഥികൾ കർമരംഗത്ത് നമ്മോടൊപ്പമില്ലാതിരിക്കുന്നതിന്റെ കാരണം ഈ സംവാദാത്മകത നഷ്ടപ്പെടുന്നതുകൊണ്ടാണ്. ബുദ്ധിയോ മനസ്സോ ഈ പ്രക്രിയയിൽ ഇടപെടാതെ, ചില വിവരങ്ങളുടെ കൈമാറ്റം മാത്രം നടക്കുന്നതുകൊണ്ടാണിത്. അൾജീരിയ

ക്കാരൻ മുഹമ്മദിന് പതിനാറ് വയസ്സായ തന്റെ മകനെ നഷ്ടപ്പെടുന്ന കഥ ജഫ്രി ലാംഗ് വിശദീകരിക്കുന്നുണ്ട്. നമുക്ക് എത്രയെത്ര മക്കളെയാണ്, നമ്മുടെ ബോറടിപ്പിക്കുന്ന ബോധനരീതിയിലൂടെ നഷ്ടപ്പെടുന്നതെന്ന് നമുക്ക് തന്നെ അറിയില്ല.

കേൾക്കുകയെന്നത് മാത്രമല്ല, അറിവ് നേടാനുള്ള മാർഗം. കാണുകയെന്നത് കൂടുതൽ ദൃഢബോധ്യം വരുത്തുന്നതാണ്. പഠിതാക്കളിൽ ഓഡിറ്ററിയും വിഷ്വലും കിനസ്തെറ്റിക്കുമായ ഗ്രൂപ്പുകൾ ഉണ്ടെന്നും ഓരോ വിഭാഗത്തിനും വ്യത്യസ്ത രീതികൾ അവലംബിക്കണമെന്നതും അംഗീകൃത സത്യമാണ്. പുനരുജ്ജീവനത്തിന്റെ വിഷ്വൽ ഇഫക്ട് നൽകി, ഇബ്റാഹീം നബിക്ക് അല്ലാഹു ബോധ്യം വരുത്തുന്നത് നമുക്ക് ഖുർആനിൽ കാണാം. ഇബ്റാഹീം നബി തന്നെ ആരാണ് യഥാർഥ ദൈവമെന്ന് തെളിയിക്കാൻ നാടകീയ മുഹൂർത്തം സൃഷ്ടിച്ച്, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമല്ല, ഒരിക്കലും നശിക്കാത്ത, പരിമിതികളില്ലാത്ത ദൈവത്തെക്കുറിച്ച് ജനങ്ങളോട് സംസാരിക്കുന്നത് വളരെ സുന്ദരമായ ഒരു ബോധനരീതിയാണ്. ചെറിയ ദൈവങ്ങളെ തച്ചുടച്ച് വലിയ ദൈവത്തിന്റെ കഴുത്തിൽ കോടാലി തൂക്കുമ്പോഴും പുതിയൊരു ബോധന പ്രക്രിയ നമുക്ക് കാണാം. ഈമാനും ഇസ്ലാമും  ഇഹ്സാനും പഠിപ്പിക്കുന്നതിന് ജിബ്രീൽ പ്രവാചക സദസ്സിലെത്തി ഒരു സംഭാഷണ സന്ദർഭമൊരുക്കുന്നത് ആ സദസ്സിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിക്കുന്ന ഒരു ബോധനരീതിയാണ്. പ്രവാചകന്മാർ എങ്ങനെ സമൂഹവുമായി സംവദിച്ചോ, അത്തരം രീതികളെ സൂക്ഷ്മാവലോകനത്തിലൂടെ ക്ലാസ് മുറികളിലേക്ക് കൈമാറ്റം ചെയ്യാനുള്ള കരുത്ത് നമ്മുടെ അധ്യാപക സുഹൃത്തുക്കൾക്ക് ഉണ്ടാകണമെന്നർഥം. മറ്റേതൊരു പദ്ധതിയുടെ ചുവട് പിടിക്കാതെയും ഇത് കണ്ടെത്താനും പ്രയോഗിക്കാനുമുള്ള  ഉൾക്കരുത്ത് നമുക്കുണ്ട്.

പാഠഭാഗങ്ങളോട് ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങൾ ക്ലാസ് റൂമുകളിൽ ചർച്ച ചെയ്യുന്നത് ഒരു സാമൂഹിക മാറ്റത്തിന് തയാറെടുക്കുന്ന വിദ്യാഭ്യാസ പ്രക്രിയയെ സംബന്ധിച്ചേടത്തോളം കരുത്ത് നൽകുന്നതാണ്. പൗലേ ഫ്രെയർ 'മർദിതന്റെ ബോധനശാസ്ത്ര'ത്തിലൂടെ വിദ്യാഭ്യാസമെന്നത് വിമോചനത്തിനുള്ള ഒരു സാംസ്കാരിക പ്രവർത്തനമായി പരിചയപ്പെടുത്തുകയുണ്ടായി. എല്ലാ വിഷയങ്ങളിലും പാഠങ്ങളിലും സാമൂഹിക പ്രശ്നങ്ങളെ കൂട്ടി ഘടിപ്പിക്കാനുള്ള ശ്രമമാണ്, 'പ്രശ്നോന്നീത വിദ്യാഭ്യാസം' കേരളത്തിൽ വിജയിക്കാതെ പോയത്. അധ്യാപകർക്കുള്ള പരിശീലനക്കളരിയിൽ ഇസ്ലാമിക പ്രവർത്തകരായ അധ്യാപകർ ഏറെ ഹർഷോന്മാദത്തോടെയാണ് ഈ രീതിയെ സമീപിച്ചത്. പഠിതാവിൽ സാമൂഹികാവബോധം വളർത്തുന്ന ഈ രീതി, നമ്മുടെ കാഴ്ചപ്പാടുകളോട് ഏറെ അടുത്ത് നിൽക്കുന്നു. അൽപം വിവേചന ബോധത്തോടെ ഇതുൾക്കൊള്ളാൻ ശ്രമിച്ചാൽ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഒരു തലമുറയെ രൂപപ്പെടുത്താം.

പാഠപുസ്തകങ്ങളിൽനിന്ന് മാത്രമല്ല, പണ്ഡിതന്മാരിൽനിന്ന്, ലൈബ്രറിയിൽനിന്ന്, ആനുകാലികങ്ങളിൽനിന്ന്, അനുഭവങ്ങളിൽനിന്നൊക്കെ അറിവ് നേടേണ്ടതുണ്ട്. അത് സഹായകമാകുന്ന രീതിയിൽ 'Assigned work'കൾ നൽകാനും അവയെ കാര്യക്ഷമമായി പിന്തുടരാനും വിലയിരുത്താനും കഴിയണം. ഇത്തരം പ്രവർത്തനങ്ങൾ പഠിതാക്കളുടെ താൽപര്യവും കാര്യക്ഷമതയും വർധിപ്പിക്കും. ഒരു ഖുർആൻ സൂക്തത്തിന് ഒരു വ്യാഖ്യാതാവ് നൽകിയ വ്യാഖ്യാനം പഠിപ്പിക്കുകയും വ്യത്യസ്തമായ മറ്റു വ്യാഖ്യാനങ്ങൾ അവയുടെ സ്രോതസ്സ് ഉൾപ്പടെ കണ്ടെത്തുകയുമാണെങ്കിൽ, ഭിന്ന വീക്ഷണങ്ങൾ രൂപം കൊള്ളുന്നത് എങ്ങനെയെന്ന് അവർ പഠിച്ച് കഴിയും. കോഴ്സ് പൂർത്തീകരണത്തിന് ഒന്നോ രണ്ടോ പ്രോജക്ടുകൾ നിബന്ധനയായി നൽകുകയാണെങ്കിൽ ഗവേഷണ രീതി പഠിക്കുന്നതോടൊപ്പം പുതിയ ചിന്തകളും പ്രായോഗിക മാതൃകകളും അവതരിപ്പിക്കാൻ പഠിതാക്കൾക്ക് കഴിയും. ഇവ ഭിന്നമായ അഭിരുചികളുടെ വളർച്ചക്ക് സഹായകമാകും.

ഇസ്ലാമിക കലാലയങ്ങൾ പൂർണമായി സാമൂഹിക മാറ്റങ്ങളറിയാതെ മുഖം തിരിച്ചുനിൽക്കുന്നുവെന്ന് അഭിപ്രായമില്ല. ഘടനാപരമായ മാറ്റങ്ങൾക്കും പുതിയ ബോധനരീതികൾ സ്വീകരിക്കുന്നതിനും ഒറ്റപ്പെട്ട ശ്രമങ്ങളുണ്ട്. എങ്കിലും പഠിതാക്കളിൽ മനോഭാവം മാറ്റം വരുത്തുന്ന തരത്തിൽ, ഗൗരവമായ ശ്രമങ്ങളുണ്ടായിട്ടില്ല. കേവലമായ 'നല്ല കുട്ടികളെ'യുണ്ടാക്കുകയല്ല, കഴിവുറ്റ ഇസ്ലാമിക പ്രസ്ഥാനത്തിന്റെ സമകാലിക ദൗത്യനിർവഹണത്തിന് പാകമായ നേതൃത്വത്തെ പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ പദ്ധതിയും ബോധനരീതിയും വേണം. ദൗത്യത്തെക്കുറിച്ച് ബോധ്യമുണ്ടെങ്കിൽ, പരിഷ്കരണങ്ങൾ സാധ്യമാകും, ഫലവത്താകും. ■

kamarsubair@gmail.com